ഹൈറേഞ്ച് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

(342) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹഡ്കോ വായ്പയിലൂടെ എത്ര ബസ്സുകളാണ് നിരത്തിലിറിക്കാൻ പദ്ധതിയിട്ടിട്ടുള്ളതെന്നും അവയിൽ നിരത്തിലിറക്കിയിട്ടുള്ളത് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കമ്പനികളുടെ എത്ര ബസ്സുകളാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഹഡ്കോ വായ്പ തുക എത്രയെന്നും വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഹൈറേഞ്ച് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിലേയ്ക്ക് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹഡ്കോ വായ്പയിലൂടെ 1200 ബസ്സുകളാണ് നിരത്തിലിറക്കാൻ പദ്ധതിയിട്ടിട്ടുള്ളത്. അതിൽ 213 ബസ്സുകൾ ആദ്യ ഗഡുവെന്നനിലയിൽ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) അശോക് ലൈലാൻഡ്, ടെൽകോ എന്നീ കമ്പനികളുടെ ബസ്സുകൾ 2:1 എന്ന അനുപാതത്തിലാണ് ഇപ്പോൾ വാങ്ങുന്നത്.

(സി) ഹഡ്കോ നൂറുകോടി രൂപയാണ് വായ്പയായി അനുവദിക്കുന്നത്. നാല് തുല്യഗഡുക്കളായി വായ്പ അനുവദിക്കും. 13.25 ശതമാനമാണ് വായ്പയുടെ വാർഷിക പലിശ നിരക്ക്. വായ്പ തുകയ്ക്കും അതിൻമേൽ ഉണ്ടാകുന്ന പലിശയ്ക്കും സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്തതും ഹഡ്കോയുടെ പേരിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്യുന്നതുമാണ്. പ്രസ്തുത പദ്ധതിയുടെ ആദ്യഗഡുവായ ഇരുപത്തിഅഞ്ചുകോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് 25.3.2000-ൽ ലഭിച്ചു. മുതലും പലിശയും ഇനത്തിൽ ബസ്സൊന്നിന് ആയിരം രൂപവീതം ഹഡ്കോയുടെ അക്കൗണ്ടിൽ ദിനംപ്രതി അടയ്ക്കേണ്ടതാണ്. 31.3.2003 നകം മുതലും പലിശയും തിരികെ അടയ്ക്കേണ്ടതാണ്.

(ഡി) ഹൈറേഞ്ച് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് മേഖലയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഡിസ്ട്രിക്ട് മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോട്ടയത്തുനിന്നും ചങ്ങനാശ്ശേരിയിൽ സെക്ഷൻ ഓഫീസിൽ നിന്നും കുമിളിയിലേക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നുണ്ട്. മൂന്നാർ ഓപ്പറേറ്റീവ് സെന്ററിലേക്ക് പുതിയ വാഹനങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly